# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4347 — 04/02/2014 ൽ മറുപടിക്ക്

### സ്കൂൾ പാഠ്യപദ്ധതിയിൽ പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എം. ഷാജി<br>„ റ്റി. എ. അഹമ്മദ് കബീർ<br>„ കെ. മുഹമ്മദുണ്ണി ഹാജി<br>„ വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂൾ പാഠ്യപദ്ധതിയിൽ പരിഷ്ക്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ തരത്തിലുള്ള പരിഷ്ക്കാരങ്ങൾ വരുത്താനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) സ്കൂൾ പാഠ്യപദ്ധതിയിൽ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ചുവടെ കൊടുത്തിരിക്കുന്ന രീതിയിലുള്ള പരിഷ്കാരങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്.<br>• പഠനനേട്ടങ്ങളിൽ അധിഷ്ഠിതമായുള്ള സമീപനം<br>• പ്രവർത്തനാധിഷ്ഠിതമായ പ്രക്രിയ ബന്ധിതമായ സമീപനം<br>• വിദ്യാർത്ഥി കേന്ദ്രീകൃത സമീപനം. |
| ബി) വിദ്യാഭ്യാസത്തോടൊപ്പം, സാമൂഹ്യകാഴ്ചപ്പാടും, സഹജീവി സ്നേഹവുമുള്ള തലമുറയെ വാർത്തെടുക്കാനുദ്ദേശിച്ച് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തു വാൻ ഉദ്ദേശിക്കുന്നത്; | ബി) വിദ്യാർത്ഥികളിൽ സാമൂഹിക കാഴ്ചപ്പാടും, സഹജീവി സ്നേഹവും ഉണ്ടാക്കി എടുക്കുന്നതിന് സാധ്യമാകുന്ന തരത്തിലുള്ള പാഠങ്ങൾ എല്ലാ ക്ലാസ്സുകളിലേയും ഭാഷാപാഠ പുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ പഠിതാവ് എത്രത്തോളം പഠനനേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് എന്ന് വിലയിരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഭാരത ഭരണഘടനയുടെ സവിശേഷതകൾ , അതിൽ വിഭാവനം ചെയ്തിട്ടുള്ള അവകാശങ്ങൾ, കടമകൾ, ഉത്തരവാദിത്വങ്ങൾ എന്നിവ സംബന്ധിച്ച് കുട്ടികൾക്ക് അവബോധമുണ്ടാക്കുന്ന തരത്തിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | സി) | ഭാരതത്തിന്റെ ഭരണഘടന തികച്ചും സവിശേഷമായ ജനാധിപത്യത്തിൽ അധിഷ്ഠിതമായ ഭരണഘടനയാണ്. പൗരന്റെ അവകാശങ്ങൾ, കുട്ടിയുടെ അവകാശങ്ങൾ, കടമകൾ, ഉത്തരവാദിത്വങ്ങൾ, സാമൂഹ്യ ശാസ്ത്രപഠനത്തിന്റെ ഭാഗമായി നിർബന്ധിതമായും ഉൾപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച് അധ്യാപകർക്ക് പരിശീലനം നൽകുകയും അവകാശങ്ങൾ കണക്കിലെടുത്തു പ്രവർത്തനം നിർവഹിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. |
| ഡി) | പൗരബോധം, പരിസ്ഥിതി ബോധം, കാർഷികാഭിമുഖ്യം എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുന്നതിനാവശ്യമായ പാഠഭാഗങ്ങൾ കൂടി ഉൾപ്പെടുത്താൻ നിർദ്ദേശം നൽകുമോ ? | ഡി) | പൗരബോധം, പരിസ്ഥിതിബോധം, കാർഷികാഭിമുഖ്യം എന്നിവ കുട്ടികളിൽ വളർത്തുന്നതിനാവശ്യമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയാണ് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നത്. |

[signature]

സെക്ഷൻ ഓഫീസർ